LIBRARY ARCHIVES Kerala Legislative Assembly

തൃക്കൊടിത്താനം പോലീസ് സ്റ്റേഷൻ നിർമ്മാണം

168 (4503) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ തൃക്കൊടിത്താനത്ത് നിർമ്മിക്കുന്ന പോലീസ് സ്റ്റേഷന്റെ നിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഈ കാര്യത്തിലുണ്ടാകുന്ന കാലതാമസം ഇല്ലാതാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) തൃക്കൊടിത്താനം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള തൃക്കൊടിത്താനം വില്ലേജിൽ ബ്ലോക്ക്-8, റീ-സർവ്വേ നമ്പർ 222/5-ൽപ്പെട്ട 15 സെന്റ് സ്ഥലം പോലീസ് വകുപ്പിനു വിട്ടുനൽകുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

സ്ത്രീധനത്തിന്റെ പേരിലുള്ള അതിക്രമങ്ങൾ

169 (4504) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകൾക്കുനേരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതേത്തുടർന്ന് സ്ത്രീകൾ മരണപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകൾക്കുനേരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് 19,615 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-എ ആയി ചേർത്തിരിക്കുന്നു.*

(ബി) സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകൾ മരണപ്പെട്ട സംഭവങ്ങൾക്ക് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിവരം ഇതോടൊപ്പം അനുബന്ധം-ബി ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.